"ഭരണഭാഷ – മാതൃഭാഷ"

നം. ICDS A1/8965/20

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ :swdicds@gmail.com
തീയതി: 09/06/2021

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാപ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം : വനിത ശിശു വികസനവകുപ്പ് –അങ്കണവാടി സർവ്വീസസ് (ജനറൽ) – 2020-21 സാമ്പത്തിക വർഷത്തെ SOE അപാകത പരിഹരിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 15.06.2020 .തീയതിയിലെ ICDS A1/ 7968/18 നമ്പർ പരിപത്രം

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയുടെ ചെലവ് വിവരം SOE Eejeevika സോഫ്റ്റ് വെയർ മുഖേന വിവിധ കാര്യാലയങ്ങളിൽ നിന്നും സമർപ്പിയ്ക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത്. അങ്കണവാടി സർവ്വീസസ് (ജനറൽ)പദ്ധതിയിൽ ഉൾപ്പെട്ട I E C ഘടകത്തിന് ഈ കാര്യാലയത്തിൽ നിന്നും അനുവദിച്ചിരുന്ന തുക വിവിധ കാര്യലയ മേധാവികൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഏതാനും കാര്യാലയങ്ങളിൽ നിന്നും ലഭിച്ച SOE യിൽ പ്രസ്തുത തുക പൂർണ്ണമായും ചേർത്തിട്ടുള്ളതായി പരിശോധനയിൽ കാണുന്നില്ല. പ്രോഗ്രാം ഓഫീസർമാർ വിവിധ കാര്യാലയങ്ങളിൽ നിന്നും ശേഖരിച്ച് നൽകിയ തുകയും, SOE യിൽ ശിശുവികസന പദ്ധതി ഓഫീസർമാർ രേഖപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണുന്നു. ആയതിനാൽ എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാരും I E C തുകയുടെ ചെലവ് വിവരം Eejeevika സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയത് പരിശോധിച്ച് തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും ആവശ്യമെങ്കിൽ ഭേദഗതി വരുത്തി 14/06/2021 ന് മുൻപായി പുനഃസമർപ്പിക്കേണ്ടതുമാണ്. I E C ഒഴികെയുള്ള ഒരു ഘടകത്തിന്റേയും ചെലവ് വിവരം

യാതൊരു കാരണവശാലും ഭേദഗതി വരുത്താൻ പാടുള്ളതല്ല. 14/06/2021 ന് ശേഷവും ഇതേ അപാകത പരിഹരിക്കാതെ നിലനിൽക്കുന്ന പക്ഷം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസറുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

പ്രോഗ്രാം ഓഫീസർമാർ മേൽ വിഷയത്തിൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി നിശ്ചിത സമയത്തിനുള്ളിൽ അപാകത പരിഹരിച്ച SOE ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അതോടൊപ്പം ഭേദഗതി വരുത്തിയ തുകയുടെ വിശദാംശം (ഓഫീസിന്റെ പേര്, മുൻപ് രേഖപ്പെടുത്തിയിരുന്ന തുക, നിലവിൽ രേഖപ്പെടുത്തിയ തുക ) ജില്ലാതലത്തിൽ ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതാണ് ). Eejeevika സോഫ്റ്റ് വെയറിൽ 14/06/2021 വൈകുന്നേരം 5 മണിവരെ രേഖപ്പെടുത്തലുകൾ വരുത്താവുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി